# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 921 — 10.06.2019-ൽ മറുപടിയ്ക്ക്.

## ക്ഷീര കർഷക ക്ഷേമനിധി ബോർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.സണ്ണി ജോസഫ്** | | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീര കർഷക ക്ഷേമനിധി ബോർഡ് മുഖാന്തിരം ക്ഷീര കർഷകർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (എ) | ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) പെൻഷൻ<br>2) കുടുംബപെൻഷൻ<br>3) അവശതപെൻഷൻ<br>4) വിവാഹധനസഹായം<br>5) മരണാനന്തര സഹായം<br>6) വിദ്യാഭ്യാസ സ്കോളർഷിപ്പ്<br>7) ചികിത്സാ സഹായം<br>8) അപകടമരണ സഹായം<br>9) ക്ഷീരകർഷക അവാർഡുകൾ |
| (ബി) | പ്രളയകാലത്ത് ജീവനോപാധികൾ നഷ്ടപ്പെട്ട ക്ഷീര കർഷകരെ സഹായിക്കുവാൻ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; അത് അർഹതപ്പെട്ടവർക്ക് ലഭ്യമായി എന്ന് ഉറപ്പ് വരുത്തിയത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് അടിയന്തരസഹായമായി കണ്ടിജൻസി ഫണ്ടിന- ത്തിൽ 24.9 ലക്ഷം രൂപയും പ്രളയസമയത്ത് കാലികൾക്ക് നൽകുന്നതിനായി 28,887 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്യുതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വൈക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.<br>പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായി ക്ഷീരവികസന വകുപ്പിന്റെ നിർദ്ദേശ പ്രകാരം ജില്ലാതലത്തിൽ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും മൃഗസംരക്ഷണവകുപ്പ്, മിൽമ എന്നിവയിലെ ഉദ്യോഗസ്ഥർ, ക്ഷീരസംഘം പ്രതിനിധികൾ, മേഖലായൂണിയൻ ഭരണസമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും അടിയന്തിരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. ആയത് യഥാർത്ഥ കർഷകർക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുന്നതിനും ഈ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ കമ്മിറ്റിയുടെ |

നേതൃത്വത്തിൽ 104.64 ലക്ഷം രൂപയുടെ വിവിധ സഹായങ്ങൾ കർഷകർക്ക് എത്തിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ദേശീയ ക്ഷീരവികസന ബോർഡിൽ നിന്നും 494 മെ.ടൺ കാലിത്തീറ്റയും 160 മെ.ടൺ സൈലേജും 21 മെ.ടൺ ഉണക്കപ്പുല്ലും, ആന്ധ്രാപ്രദേശ് മൃഗസംരക്ഷണവകുപ്പിൽ നിന്നും 20 ടൺ കാലിത്തീറ്റയും 18 ടൺ സൈലേജും 20 ടൺ സമ്പുഷ്ട പോഷക കാലിത്തീറ്റയും (TMR) പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതമായി 22 കോടി രൂപ വിനിയോഗിച്ച് ഒരു പ്രത്യേക ഫ്ലഡ് റിലീഫ് പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രധാനമായും താഴെ പറയുന്ന പ്രകാരമാണ് നടപ്പിലാക്കിയത്.

| ക്രമ നം. | പദ്ധതിയുടെ പേര് | യൂണിറ്റ് സബ്സിഡി (രൂപയിൽ) | ഗുണഭോക്താക്കളുടെ എണ്ണം | ആകെ സബ്സിഡി തുക (ലക്ഷം) |
|---|---|---|---|---|
| 1 | ഗോദാനം (2 പശു യൂണിറ്റ്) | 33000 | 1200 | 396 |
| 2 | 2 പശു യൂണിറ്റ് | 66000 | 900 | 594 |
| 3 | അവശ്യാധിഷ്ഠിത സഹായം | 50000 | 1500 | 750 |
| 4 | കാലിത്തൊഴുത്ത് | 50000 | 630 | 315 |
| 5 | യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള ശാസ്ത്രീയ കാലിത്തൊഴുത്ത് | 100000 | 100 | 30 |

കൂടാതെ, വയനാട്, ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിൽ ജില്ലാ ഭരണകൂടവുമായി ചേർന്ന് സന്നദ്ധസംഘടനകളുടെ സഹായത്തോടെ Donate a cow എന്ന പദ്ധതി പ്രകാരം ഇതിനോടകം ആലപ്പുഴ ജില്ലയിൽ 138 കറവപ്പശുക്കളെയും വയനാട് ജില്ലയിൽ 56 കറവപ്പശുക്കളെയും 250 കിടാരികളെയും, പാലക്കാട് ജില്ലയിൽ 8 കിടാരികളെയും, എറണാകുളം ജില്ലയിൽ 43 കറവപ്പശുക്കളെയും, പത്തനംതിട്ട ജില്ലയിൽ 7 കറവപശുക്കളെയും പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

വകുപ്പിന്റെ നിർദ്ദേശപ്രകാരം ക്ഷീര സഹകരണ സംഘങ്ങൾ നേരിട്ട് പ്രളയ ദുരിതത്തിൽ ബുദ്ധിമുട്ടനുഭവിച്ച ക്ഷീരകർഷകർക്ക് കാലിത്തീറ്റ, വൈക്കോൽ, പച്ചപ്പുല്ല് എന്നിവ നൽകുകയും നാശനഷ്ടം സംഭവിച്ച കാലിത്തൊഴുത്ത് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള സഹായവും നൽകിയിട്ടുണ്ട്.

| | |
|---|---|
| (സി) ക്ഷീര കർഷകർക്കായി ഫ്ളഡ് റിലീഫ് റീഹാബിലിറ്റേഷൻ പദ്ധതി നടപ്പിലാക്കിയിരുന്നോ; എത്ര കോടി രൂപയാണ് ഇതിനായി വിനിയോഗിച്ചത്; | (സി) ഫ്ലഡ് റിലീഫ് റീഹാബിലിറ്റേഷൻ പദ്ധതി നടപ്പിലാക്കിയിരുന്നു. 22 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കിയത്. |
| (ഡി) പ്രളയം സൃഷ്ടിച്ച പ്രതിസന്ധി പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ നിന്നും പിന്നാക്കം പോകുവാൻ ഇടയാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) സംസ്ഥാനത്ത് പ്രളയംമൂലം ക്ഷീരോല്പാദനത്തിൽ കുറവുണ്ടായിട്ടുണ്ട്. ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം 2.5 ലക്ഷം ലിറ്ററിന്റെ കുറവുണ്ടായി. പ്രസ്തുത കുറവ് ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**